# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26

വടയം. നോർത്ത് എൽ പി സ്കൂൾ

# വടയം നോർത്ത് എൽ.പി. സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

VATAYAM NORTH LP SCHOOL
Pin: 673507
Date.........

SABITHA P G
Headmistress
Pen : 571525
Vatayam North LP School
Vatayam Po - Pin 673507

# ആമുഖം

ഏകദേശം 90 വർഷങ്ങൾക്ക് മുൻപ് സമൂഹത്തിൽ സാമ്പത്തികമായി മുന്നോക്കം നിന്നിരുന്നവർക്ക് മാത്രം സാമാന്യ വിദ്യാഭ്യാസം ലഭ്യമായിരുന്ന ഒരു കാലഘട്ടത്തിൽ എല്ലാ വിഭാഗം ജനങ്ങൾക്കും അക്ഷരാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെ എഴുത്ത് പള്ളിക്കൂടം എന്ന നിലയിൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. നാട്ടുജീവിതം പൊതുവെ ദരിദ്രമായിരുന്ന ആ കാലഘട്ടത്തിൽ അക്ഷരാഭ്യാസത്തിന്റെ പൊൻവെളിച്ചം വീഴാൻ സ്ഥാപിതമായ ഏക വിദ്യാലയം എന്ന നിലയിൽ ഇതിന് ഏറെ പ്രാധാന്യമുണ്ട്.

1930 ൽ സ്കൂളിന് സർക്കാറിൽ നിന്നും അംഗീകാരം ലഭിക്കുകയും അക്കൊല്ലത്തെ കാ

വിൽ സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന
വിദ്യാലയം വടയം നോർത്ത് എൽ.പി സ്കൂൾ
എന്ന പേരിൽ ജനറൽ സ്കൂൾ ആയി മാറു
കയും ചെയ്തു. ജാതിവ്യവസ്ഥ കൊടികുത്തി
വാണിരുന്ന ഒരു കാലഘട്ടത്തിൽ വർണ്ണ
ഭേദമില്ലാതെ എല്ലാ കുട്ടികൾക്കും ഒരു
പോലെ വിദ്യാഭ്യാസം നൽകാൻ അന്നത്തെ
മാനേജ്മെന്റ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

## നേട്ടങ്ങൾ

ഭൗതികമായ സൗകര്യങ്ങളുടെ കാര്യത്തിൽ വളരെയേറെ പരിമിതികൾ നിലനിൽക്കുന്നുണ്ടെങ്കിലും പഠനനിലവാരത്തിന്റെ കാര്യത്തിൽ ഏറെ മുന്നോക്കം നിൽക്കുന്ന ഒരു സ്ഥാപനമാണ് ഈ വിദ്യാലയം. കാൽനൂറ്റാണ്ടിലേറെയായി തുടർച്ചയായി എൽ.എസ്.എസ് ജേതാക്കളെ നേടിയെടുക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. 2009-10 ലെ സബ് ജില്ലാ കലാമേളയിൽ (എൽ.പി തലം) ഓവറോൾ കിരീടം നേടിയതും സാമൂഹ്യശാസ്ത്രമേളയിൽ ജില്ലയിൽ ഒന്നാം സ്ഥാനം നേടിയതും സ്കൂളിന്റെ ചരിത്രത്തിലെ പൊൻതൂവലാണ്. അതുപോലെ 2024-ലെ സബ്ജില്ലാകലാമേളയിൽ ഫസ്റ്റ് റണ്ണറപ്പും ഈ വിദ്യാലയം നേടിയെടുത്തു. ശാസ്ത്ര സാമൂഹ്യശാസ്ത്ര, ഗണി

## നിലവിലെ അവസ്ഥ.

### ഭൗതികം.

അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഇനിയും ഒരുപാട് മെച്ചപ്പെടേണ്ട സ്ഥാപനമാണിത്. പുതിയ കെ.ഇ.ആർ പ്രകാരമുള്ള അളവുകളിലല്ല എല്ലാ ക്ലാസ് മുറികളെങ്കിലും മുഴുവൻ ക്ലാസ്മുറികളിലും ടൈൽ പതിക്കുകയും ഫാൻ, ലൈറ്റ് എന്നിവ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഓഫീസ് റൂം, മറ്റൊരു കെട്ടിടത്തിലായി പ്രവർത്തിക്കുന്നു.

വിദ്യാലയത്തിന്റെ കെട്ടിടം നിൽക്കുന്ന സ്ഥലമല്ലാതെ മറ്റ് സ്ഥലസൗകര്യമോ, കളിസ്ഥലമോ ഇല്ല. സ്കൂളിന് ചുറ്റുമതിലും ഇല്ല. കുടിവെള്ളത്തിനായി പൊതു ടാപ്പിനെയും, മാനേജരുടെ വീട്ടിലെ കിണറിനെയുമാണ് ആശ്രയിക്കുന്നത്. 7 ലാപ്ടോപ്പുകളും 2 പ്രൊജക്ടറുകളും സ്കൂളിന് ലഭ്യമായിട്ടുണ്ടെങ്കിലും നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താനുതകുന്ന രീതിയിലുള്ള സ്മാർട്ട് ക്ലാസ് മുറികളുടെ അഭാവം വലിയൊരു പരിമിതിയായി നിഴലിക്കുന്നു.

## ലക്ഷ്യങ്ങൾ

* കുട്ടികളുടെ സർവ്വതോന്മുഖമായ വികസനത്തിനുതകുന്ന പഠനാന്തരീക്ഷം സ്കൂളിൽ സൃഷ്ടിക്കുക

* എല്ലാ കുട്ടികൾക്കും പഠനത്തിനും വികസനത്തിനും തുല്യ അവസരങ്ങൾ നൽകുക.

* പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കുകയും അതുവഴി പരിസ്ഥിതിയെ ആത്മസാത്കരിക്കുന്ന മനോഭാവമുള്ള ഒരു തലമുറയെ സൃഷ്ടിക്കുകയും ചെയ്യുക.

* മത്സരാധിഷ്ഠിത സമൂഹത്തിൽ അതിജീവിക്കാനാവശ്യമായ ആത്മവിശ്വാസവും അറിവും പോഷിപ്പിക്കും ആർജ്ജിക്കുന്നതോടൊപ്പം മതനിരപേക്ഷത, ജനാധിപത്യബോധം സഹകരണം, സഹാവർത്തിത്വം, അനുതാപം തുടങ്ങിയ ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനാവശ്യമായ മൂല്യബോധമുള്ളവരാക്കാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കുക.

* കുട്ടികളുടെ ശാരീരിക, മാനസിക, വൈകാരിക ആരോഗ്യം ഉറപ്പുവരുത്തുക.

* അതാത് ക്ലാസുകളിൽ നേടേണ്ട പഠനശേഷ
എല്ലാ കുട്ടികളും ആർജ്ജിച്ചു എന്ന് ഉറപ്പുവ
രുത്തുക.
* സർഗപരവും അക്കാദമികവും കായികവുമാ
കഴിവ് പ്രോത്സാഹിപ്പിക്കുക.
* മലയാളം ഇംഗ്ലീഷ് ഭാഷകളിൽ മികച്ച ആശയ
വിനിമയശേഷി ഉറപ്പാക്കുക.
* പഠനത്തെ പരിസര ബന്ധിയും ജീവിതഗന്ധിയു
മാക്കി സ്കൂൾ ക്യാമ്പസ് ഒരു പാഠപുസ്തകമാ
ക്കി.
* നാലാം തരം വിജയിച്ച് പുറത്തുപോകുന്ന
മുഴുവൻ കുട്ടികൾക്കും തെറ്റില്ലാതെ എഴുതാനും
വായിക്കാനും കഴിയുന്നുവെന്ന് ഉറപ്പുവരുത്തുക
* വിദ്യാലയവുമായി ബന്ധപ്പെട്ട എല്ലാവരിലും
വായന ഒരു സംസ്കാരമായി വളർത്തിയെടു
* വാചികവും രചനാപരവുമായ സർഗാത്മക ശേ
കൾ എല്ലാ കുട്ടികളും ആർജിക്കുന്നുവെന്ന്
ഉറപ്പുവരുത്തുക.

* സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിലെത്തിക്കുക.

* മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കൽ

* ഇംഗ്ലീഷിൽ സ്വതന്ത്രരചനയ്ക്ക് അവസരമൊരുക്കൽ

* ഇംഗ്ലീഷ് ഭാഷാപഠനത്തിന്റെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതികൾ ഉള്ള കുട്ടികൾക്ക് പിന്തുണ നൽകൽ.

## മേഖല : ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ :-

* ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതികൾ ഉള്ള കുട്ടികൾക്ക് പിന്തുണ നൽകൽ.
* ശരിയായ ഉച്ചാരണത്തോടെയും ഒഴുക്കോടെയും സംസാരിക്കാനും കേട്ട് മനസ്സിലാക്കാനും ഉള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കൽ.
* ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കൽ.
* മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കൽ.
* ഇംഗ്ലീഷിൽ സ്വതന്ത്രരചനയ്ക്ക് അവസരമൊരുക്കൽ.

# മേഖല : മലയാളം

ലക്ഷ്യങ്ങൾ :-

* നാലാം തരം വിജയിച്ച് പുറത്തുപോകുന്ന മുഴുവൻ കുട്ടികൾക്കും തെറ്റില്ലാതെ എഴുതാനും വായിക്കാനും ഉറപ്പുവരുത്തും.
* വിദ്യാലയവുമായി ബന്ധപ്പെടുന്ന എല്ലാവരിലും - വായന ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നു.
* വാചികവും രചനാപരവുമായ സർഗാത്മക ശേഷികൾ എല്ലാ കുട്ടികളും ആർജ്ജിക്കുന്നുവെന്ന് ഉറപ്പുവരുത്തും.
* സവിശേഷ വൈദഗ്ദ്യമുള്ള കുട്ടികളെ അതിന്റെ - പൂർണ്ണതയിലെത്തിക്കും.
* ഓരോ കുട്ടിയും ആർജ്ജിച്ച ഭാഷാ ശേഷികൾ വിവിധ രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ വ്യക്തിവികാസം ഉറപ്പുവരുത്തും.

| I | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|---|
| | മലയാളം | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ:-<br>ഒപ്പം ഒപ്പത്തിനൊപ്പം:-<br>* പ്രീടെസ്റ്റ്<br>* അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ.<br>* വാക്കുകൾ, വാക്യങ്ങൾ ഉറപ്പിക്കൽ<br>* അക്ഷരകാർഡ് നൽകൽ<br>* ചിത്രവായന - കഥ പറയൽ.<br>* ചിത്രം നോക്കാം കഥ എഴുതൽ.<br>* ചിത്രം നൽകി വാക്യങ്ങൾ എഴുതൽ. | 16/06/2025<br>2 മാസം. | ചുമതലയുള്ള അധ്യാപകർ | PTA | |
| | | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്:- | ജൂലൈ to സെപ്റ്റംബർ | | | |
| | | കുട്ടിയെ മികച്ച വായനക്കാരനാക്കുക.<br>(വായനക്കൂട്ടം)<br>* ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>* ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | വർഷം മുഴുവൻ. | | | |

| | | | | | | |
|---|---|---|---|---|---|---|
| | | * സ്കൂൾ ലൈബ്രറി വിപുലീകരണം.<br>* വീട്ടിലൊരു ലൈബ്രറി<br>* പിറന്നാൾ പുസ്തകം.<br>* പത്രവായന<br>* അമ്മ വായന<br>* വിശ്രമവേള വായനാവേള<br>* സാഹിത്യകാരന്മാരുമായുള്ള അഭിമുഖം.<br>* ബാലസഭ<br>* വായനക്കുറിപ്പ് പതിപ്പ്.<br>* വായന അനുഭവം പങ്കുവെക്കൽ.<br>* ദിനാചരണങ്ങൾ.<br>* വായനസാമഗ്രികൾ വികസിപ്പിക്കൽ. | | | | |
| | | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക :-<br>* എഴുത്തുകൂട്ടം രൂപീകരണം.<br>* മികച്ച ഡയറികൾ, പതിപ്പ്<br>* സംയുക്ത ഡയറി - (കുഞ്ഞെഴുത്ത്)<br>* വായനക്കുറിപ്പ്, മാഗസിൻ<br>* ആസ്വാദനക്കുറിപ്പ്,<br>* രചയിതാക്കളെ പരിചയപ്പെടൽ, ചുമർപത്രിക. | വർഷം മുഴുവൻ | | | |

<table>
<tr><td>[illegible]<br>1) പ്രീടെസ്റ്റ് :-<br>പ്രീടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.<br>2) അക്ഷരം ഉറപ്പിക്കൽ :-<br>ചിത്രങ്ങളിലൂടെ മലയാളം അക്ഷരം/ ചിഹ്നം എന്നിവ ഉറപ്പിക്കൽ.<br>3) വാക്കുകൾ / വാക്യങ്ങൾ ഉറപ്പിക്കൽ :-<br>അക്ഷര കാർഡുകളിലൂടെ വാക്കുകൾ/ വാക്യങ്ങൾ എന്നിവ രൂപീകരിക്കുന്നു.<br>4) ചിത്രവായന - കഥ പറയൽ :-<br>നൽകിയ ചിത്രത്തെ അടിസ്ഥാനമാക്കി കഥ പറയാൻ അവസരം. പറഞ്ഞ കഥ എഴുതാനുള്ള അവസരം നൽകുന്നു.</td><td></td><td></td><td></td><td></td></tr>
<tr><td>* ക്ലാസ് വായനക്കൂട്ടം :-<br>ക്ലാസിലെ മുഴുവൻ കുട്ടികളെയും 4/5 ഗ്രൂപ്പുകളാക്കുന്നു. ഓരോ ഗ്രൂപ്പും - അസംബ്ലിയിൽ/ബാലസഭ - ലഭ്യമായ വായനസാമഗ്രികൾ ഉപയോഗപ്പെടുത്തി വായനക്കുറിപ്പ് എഴുതി അവതരിപ്പിക്കുന്നു.</td><td></td><td></td><td></td><td></td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| | | * ക്ലാസ് ലൈബ്രറി രൂപീകരണം:-<br>പിറന്നാൾ പുസ്തകങ്ങളും, സ്കൂൾ ലൈബ്രറി പുസ്തകങ്ങളും ഉപയോഗിച്ച് - ക്ലാസ് ലൈബ്രറി രൂപീകരിക്കുന്നു.<br>* വീട്ടിലൊരു ലൈബ്രറി:-<br>രക്ഷിതാക്കളുടെ സഹായത്താൽ കുട്ടികൾക്ക് വീട്ടിൽ സ്വന്തമായൊരു 'വായനക്കൂടം' ഒരുക്കുന്നു. ഇതിനാവശ്യമായ കുഞ്ഞുകഥ പുസ്തകങ്ങളും - മറ്റ് വായന സാമഗ്രികളും ലൈബ്രറിയിലൊരുക്കുന്നു.<br>* പിറന്നാൾ പുസ്തകം:-<br>പിറന്നാൾ ദിനത്തിൽ കുട്ടികൾ - ഒരു പുസ്തകം - ക്ലാസ്‌ലൈബ്രറി / സ്കൂൾ- ലൈബ്രറിയിലേക്കോ സമ്മാനമായി നൽകുന്നു.<br>* അമ്മ വായന:-<br>രക്ഷിതാക്കളുടെ വായന മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിച്ച് വായനക്കുറിപ്പ് തയ്യാറാക്കാൻ അവസരം.<br>* മികച്ച കുറിപ്പ് കണ്ടെത്തി പ്രോത്സാഹനം.<br>* വായന മത്സരം (രക്ഷിതാക്കൾ) | വർഷം- മുഴുവൻ. | | | |

| | |
|---|---|
| * [illegible] <br> എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒഴിവു സമയങ്ങളിലെല്ലാം കുട്ടിക്ക് ഇഷ്ടമുള്ള പുസ്തകമെടുത്ത് സ്വതന്ത്രമായി ആസ്വദിച്ച് വായിക്കാനവസരം നൽകുന്നു. (2,3,4 ക്ലാസ്). <br> പത്രവായന – ക്ലാസ്സുകളിൽ (ഗ്രൂപ്പായി) പത്രവായന | വർഷം മുഴുവൻ. |
| * **സാഹിത്യകാരനുമായുള്ള അഭിമുഖം:-** <br> സാഹിത്യകാരനുമായി മുഖാമുഖം സംവദിക്കാനുള്ള അവസരം ഒരുക്കുന്നു. <br> (3,4 ക്ലാസ്) | ജൂലൈ |
| * **ബാലസഭ:-** <br> ക്ലാസ്തല ബാലസഭയിൽ തിരഞ്ഞെടുത്ത കുട്ടികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ സ്കൂൾ ബാലസഭയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | വെള്ളി (രണ്ടാഴ്ചയിലൊരിക്കൽ). |
| * **വായനക്കുറിപ്പ് പതിപ്പ്:-** <br> ക്ലാസ്തലത്തിൽ വായിച്ച പുസ്തകത്തിന്റെ കുറിപ്പ് ശേഖരിക്കുന്നു. എഡിറ്റ് ചെയ്ത് പതിപ്പാക്കുന്നു. <br> (3,4 ക്ലാസ്) | |
| * **വായന അനുഭവം പങ്കുവെക്കൽ:-** <br> വായിച്ച രചന മറ്റ് കുട്ടികൾക്കും കൂടി പരിചയപ്പെടുത്തുന്നു. (രചനാ പരിചയം) | |

| | | | | | | |
|---|---|---|---|---|---|---|
| | | * **ദിനാചരണങ്ങൾ:-**<br>വായനയും എഴുത്തും പ്രോത്സാഹി-പ്പിക്കുന്നതിനായി ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു.<br>* **വായന സാമഗ്രികൾ വികസിപ്പിക്കൽ:-**<br>രക്ഷിതാക്കളുടെ സഹായത്താൽ വായന സാമഗ്രികൾ വികസിപ്പിക്കുന്നതിനായി ശില്പശാലകൾ സംഘടിപ്പിക്കുന്നു. | വർഷം മുഴുവൻ<br><br><br>ആഗസ്റ്റ് to സെപ്തംബർ | | | |
| | | * **വളരുന്ന വായന:-**<br>1, 2 ക്ലാസുകളിലെ കുട്ടികൾക്ക് വായനാശീലം പരിപോഷിപ്പിക്കുന്നതിനായി ചിത്രങ്ങൾ അടങ്ങിയ വായന കാർഡുകൾ നൽകുന്നു. | വർഷം മുഴുവൻ | | | |
| | | **എഴുത്തുകൂട്ടം രൂപീകരണം:-**<br>ക്ലാസ് തലത്തിൽ എഴുത്തുകൂട്ടം രൂപീകരിക്കുന്നു. വ്യക്തിരചനകളും സംഘരചന എന്നിവ സംഘടിപ്പിക്കുന്നു.<br>സർഗ്ഗശേഷി വികസിപ്പിക്കുന്നതിനായി മികച്ച ഡയറികൾ, കുഞ്ഞെഴുത്ത്, വായന കുറിപ്പ്, ആസ്വാദനകുറിപ്പ്, കഥ എന്നിവ ഉൾപ്പെടുത്തി പതിപ്പ് | | | | |

ക്ലാസ്തല / സ്കൂൾതല ബാലസഭകളിൽ സൃഷ്ടികൾ പരിചയപ്പെടുത്തൽ, പ്രകാശനം, അവതരണം.

അസംബ്ലി:-

* വായനക്കുറിപ്പ് വായന
* രചയിതാവിനെ പരിചയപ്പെടുത്തൽ.
* പത്രവായന, സ്കൂൾ വാർത്ത.
* സൃഷ്ടികൾ പ്രകാശനം.

## മേഖല - ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

* ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതികൾ ഉള്ള കുട്ടികൾക്ക് പിന്തുണ നൽകൽ.
* ശരിയായ ഉച്ചാരണത്തോടെയും ഒഴുക്കോടെയും സംസാരിക്കാനും കേട്ടുമനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കൽ.
* ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കൽ.
* മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കൽ.
* ഇംഗ്ലീഷിൽ സ്വതന്ത്രരചനയ്ക്ക് അവസരമൊരുക്കൽ.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| I | English. | Teacher talk :-<br>എല്ലാ ദിവസവും രാവിലെ 5 മിനിട്ട് അധ്യാപികയും കുട്ടികളും തമ്മിൽ ക്ലാസിൽ ഇംഗ്ലീഷിൽ അനൗപചാരിക സംഭാഷണം നടത്തുന്നു. | June to March | ക്ലാസ് ടീച്ചർ | SRG | |
| II | | English story telling :-<br>എല്ലാ ഇംഗ്ലീഷ് പിരീഡുകളും - എല്ലാ ക്ലാസിലും അധ്യാപിക ഒരു കഥ - ഇംഗ്ലീഷിൽ പറഞ്ഞു കൊണ്ട് ആരംഭി-ക്കുന്നു. | June to March | ക്ലാസ് ടീച്ചർ. | | |
| III | | One word one week :-<br>ആഴ്ചയിൽ ഒരു word നൽകി Spelling, അർത്ഥം എന്നിവ പഠിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു. വ്യത്യസ്ത സന്ദർഭങ്ങളിൽ ഇത് ഉപയോഗിക്കാ-നുള്ള പ്രവർത്തനം നടത്തുന്നു. | July to March. | ക്ലാസ് ടീച്ചർ. | | |

| | | | | | | |
|---|---|---|---|---|---|---|
| IV | | Games:-<br>ആഴ്ചയിൽ ഓരോ ഗെയിം കളിപ്പിക്കുന്നു. കളിയിലെ നിയമങ്ങളും നിർദ്ദേശങ്ങളും പൂർണ്ണമായി ഇംഗ്ലീഷിൽ മാത്രമായി അവതരിപ്പിക്കുന്നു. | വർഷം മുഴുവൻ. | Class Teacher. | | |
| V | | Wednesday as English day:-<br>എല്ലാ ബുധനാഴ്ചയും ഇംഗ്ലീഷ് ഡേ ആയി ആചരിക്കുന്നു. അസംബ്ലിയിൽ പ്രതിജ്ഞ, News, Quiz, Quote, Book Review എന്നിവയും എല്ലാ നടപടി ക്രമങ്ങളും ഇംഗ്ലീഷിൽ മാത്രം. | August to March | English Club. | | |
| VI | | English club:-<br>ജൂലൈ ആദ്യവാരത്തിൽ ടീച്ചറുടെ നേതൃത്വത്തിൽ ക്ലബ്ബ് രൂപീകരണം. ക്ലബ്ബ്-പ്രവർത്തനങ്ങൾ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് മുൻകൂട്ടി ആസൂത്രണം-ചെയ്യുന്നു.<br>ക്വിസ് ചോദ്യങ്ങൾ, Reading cards, മാഗസിനുകൾ തയ്യാറാക്കൽ, എല്ലാ ക്ലാസിലും [illegible] | ജൂലൈ ആദ്യ വാരം. | ക്ലബ്ബ് കൺവീനർ. | | |

| | | | | | | | |
|---|---|---|---|---|---|---|---|
| vii | | ഇടവേളകളിൽ 3,4 ക്ലാസുകളിൽ Puzzle കണ്ടെത്താനും അവതരിപ്പിക്കാനും അവസരം. | July to March | English Club. | | | |
| viii | | English Assembly:- എല്ലാ ബുധനാഴ്ചയും ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. എല്ലാ നിർദ്ദേശങ്ങളും, അവതരണങ്ങളും ഇംഗ്ലീഷിൽ മാത്രം. | July to March | Class Teacher. | | | |
| ix | | English Radio:- എല്ലാ ബുധനാഴ്ചയും Englishday ആചരിക്കുന്നതിന്റെ ഭാഗമായി Englishclub അംഗങ്ങളുടെ English Radio അവതരണം നടത്തുന്നു. | July to March | English Club. | | | |
| x | | English Library:- ക്ലാസ് നിലവാരത്തിനനുസരിച്ചുള്ള ഇംഗ്ലീഷ് Story books, Reading Cards, Puzzles എന്നിവ ക്ലാസ് ലൈബ്രറിയിൽ സജ്ജീകരിക്കുന്നു. | August ആദ്യ വാരം. | English Club. PTA. | | | |

| | | | | | |
|---|---|---|---|---|---|
| (x) | **My Little Book:-**<br>ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ 'My little book' എന്ന പേരിൽ ഒരു നോട്ട് ഇംഗ്ലീഷ് അധിക പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. | ആഗസ്റ്റ് ആദ്യ വാരം. | ക്ലാസ് ടീച്ചർ | | |
| | **English Diary :-**<br>എല്ലാ ബുധനാഴ്ചയും ഇംഗ്ലീഷ് ഡയറി എഴുതുന്നു. 1,2 ക്ലാസുകളിൽ ഒന്നാം ടേമിൽ പൊതു ചർച്ചകളിലൂടെയും രൂപപ്പെടുന്ന ക്ലാസ് ഡയറികൾ തുടർന്ന് വ്യക്തിഗത ഡയറിയിലേക്ക്. 3,4 ക്ലാസുകൾ 'English Diary' എല്ലാ ദിവസവും തുടരുന്നു. | ആഗസ്റ്റ് ആദ്യ വാരം. | ക്ലാസ് ടീച്ചർ. | | |
| | **English Theater:-**<br>3,4 ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട് English Theater ഒരുക്കുന്നു. (വായന മെച്ചപ്പെടുത്താൻ). | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | English … <br> വർഷത്തിൽ ഒരു തവണ - (ഫെബ്രുവരി അവസാനം) എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. | ഫെബ്രുവരി | SRG. PTA. | PTA. | |

# മേഖല: ഗണിതം.

ലക്ഷ്യങ്ങൾ

* മുഴുവൻ കുട്ടികളിലും സംഖ്യാബോധം ഉറപ്പിക്കും

* ഗണിതപഠനം എല്ലാകുട്ടികളിലും രസകരമായ അനുഭവമാക്കി മാറ്റും.

* ഗണിതം മധുരമാക്കുന്നതിലൂടെ പ്രശ്നങ്ങൾ അപഗ്രഥിക്കാനുള്ള കഴിവ് കുട്ടികളിൽ ഉണ്ടാകുന്നു.

* ഗണിതശാസ്ത്രത്തിൽ മിടുക്കരായ കുട്ടികളെ അവരുടെ കഴിവിന്റെ പൂർണതയിലെത്തിക്കും.

* നിത്യജീവിതത്തിൽ ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും കുട്ടികൾ ഉണ്ടാക്കും.

ശാസ്ത്ര മേളകളിലെല്ലാം തന്നെ പങ്കെടു ത്ത കുട്ടികൾ വിവിധയിനങ്ങളിലായി സമ്മാനങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്.

| | | | | | | |
|---|---|---|---|---|---|---|
| 1 | ഗണിതം | പ്രീ-ടെസ്റ്റ്<br>2,3,4 ക്ലാസുകളിൽ ടെസ്റ്റ് നടത്തുന്നു ഓരോ ക്ലാസിനും പ്രത്യേകം ചോദ്യപേപ്പർ കുട്ടികളെ select ചെയ്യുന്നു. | ജൂൺ (ആദ്യവാരം) | ക്ലാസ്ടീച്ചർ | staff fund | |
| | | സംഖ്യകൾക്കൊപ്പം<br>ഗണിതകോർണറിൽ വച്ച് എല്ലാ ദിവസവും 3 മുതൽ 4 മണിവരെ ചുമതലയുള്ള ടീച്ചർ പ്രവർത്തനങ്ങൾ നടത്തുന്നു.<br>II std – 1 മുതൽ 50 വരെ<br>III std – 1 മുതൽ 100 വരെ<br>IV std – 1 മുതൽ 500 വരെ.<br>അനുയോജ്യമായ പഠനോപകരണങ്ങളുടെ സഹായത്തോടെയും ഗണിത | ജൂലായ് to ആഗസ്റ്റ്. | ഗണിത ക്ലബ്ബ് | | |

| | | | | | |
|---|---|---|---|---|---|
| | കളികളിലൂടെ സംഖ്യാബോധം ഉറപ്പിക്കുന്നു. ആഴ്ചയിലൊരിക്കൽ ഓരോ കുട്ടിയെയും വിലയിരുത്തുന്നു. | | | | |
| | 1, 2 ക്ലാസുകളിലെ ഗണിതപഠനം ഗണിതകോർണറിൽ<br>ഗണിതോപകരണങ്ങൾ നിറഞ്ഞ ക്ലാസിൽ വച്ച് ഗണിത പഠനം.<br>കുട്ടികൾക്ക് സ്വന്തമായി ഉപയോഗിക്കാൻ പറ്റുന്ന ഗണിത ഉപകരണങ്ങൾ സജ്ജമാക്കുന്നു.<br>ഓരോ കുട്ടിക്കും ഓരോ ഗണിതക്കിറ്റുകൾ<br>സംഖ്യാമാലകൾ<br>സ്ഥാനവില പോക്കറ്റുകൾ<br>കളി [illegible] | ജൂൺ to മാർച്ച്. | ക്ലാസ് ടീച്ചർ | Staff fund | |

| | | | | | |
|---|---|---|---|---|---|
| | ഗണിതരൂപങ്ങൾ<br>മോഡലുകൾ | | | | |
| | <u>ഫീൽഡ്</u> <u>ട്രിപ്പ്</u><br>കച്ചവടസ്ഥലങ്ങൾ തൊഴിലിടങ്ങൾ, കൃഷി യിടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് | ജൂൺ<br>ഡിസം.<br>to<br>മാർച്ച് | ~~SRG.~~ | | |
| | ഫീൽഡ് ട്രിപ്പ്.<br>വിലവിവരപ്പട്ടിക, വിവിധതരത്തിൽ ഭാരങ്ങൾ അളക്കുന്നത്, നീളം, ഉള്ളളവ്, ചുറ്റളവ് ദൂരം എന്നിവ കണക്കാക്കുന്നത് നേരിട്ട് കണ്ട് മനസിലാക്കുന്നു. | നവംബർ<br>to<br>ഡിസം.ബർ | Class teacher | | |
| | <u>മാത്സ്</u> <u>സ്കോർ</u> <u>ബോർഡ്</u><br>ജൂലൈ ആദ്യവാരത്തോടെ എല്ലാ ക്ലാസുകളിലും മാത്സ് സ്കോർ ബോർഡ് സ്ഥാപിക്കു ഒന്നാം ക്ലാസിൽ മുതൽ മനക്കണക്കുകൾ | ജൂൺ<br>to<br>ഡിസംബർ | class tr. | | |

| | | | | |
|---|---|---|---|---|
| അവതരിപ്പിച്ചു തുടങ്ങും. | | | | |
| ഊഹാമേള :- കുട്ടികൾ വസ്തുക്കളുടെ ഭാരം, നീളം, ഉള്ളളവ് എന്നിവ ഊഹിച്ചു പറയുന്നു നോട്ടിൽ എഴുതുന്നു. ശേഷം പ്രവർത്തനത്തിലൂടെ ശരിയായ ഉത്തരം കണ്ടെത്തി എഴുതി ഊഹിച്ച ഉത്തരവും കണ്ടെത്തിയ ഉത്തരവും താരതമ്യം ചെയ്യുന്നു. (ക്ലാസ് 4) | ജനുവരി. | ഗണിത ക്ലബ്ബ്. | | |
| ക്ലാസ് ഗണിതോത്സവം:- ആഴ്ചയിൽ ഒരു - ഗണിത പിരീഡ് വ്യത്യസ്ത പ്രവർത്തനങ്ങളായ ഗണിതപ്പാട്ട്, കഥകൾ, കളികൾ, പസിൽ തുടങ്ങിയ രസകരമായ പ്രവർത്തനങ്ങൾ നടത്തുന്നു. | | Classtr. | | ആദ്യം ഇടക്കാലത്ത് ആഴ്ചകളിലും പിന്നീട് മാസത്തിലൊരിക്കലുമായി പ്രവർത്തനങ്ങൾ നടത്തുന്നു |

| | | | | |
|---|---|---|---|---|
| ഗണിതലാബ്<br>3, 4 ക്ലാസുകളിൽ ഡിവിഷൻ ആവശ്യാനുസാരം തന്നെ ഗണിതലാബിലേക്കാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിക്കുന്നു. | ജൂൺ to മാർച്ച് | SRG | Staff fund. | |
| മനക്കണക്കുകൾ<br>* ഒന്നാം ക്ലാസ് തുടക്കം മുതലേ മനക്കണക്കുകൾ അവതരിപ്പിച്ചു തുടങ്ങും.<br>* എല്ലാ ക്ലാസിലും എല്ലാ ദിവസവും മനക്കണക്കുകൾ ചോദിക്കുകയും വിജയികളെ കണ്ടെത്തുകയും ചെയ്യുന്നു. | ജൂൺ to ഡിസംബർ | class tr. | | |
| ഗണിതപ്രശ്നങ്ങൾ സൃഷ്ടിക്കൽ:-<br>നിത്യജീവിതവുമായി ബന്ധപ്പെട്ട ഒരു ഗണിത പ്രശ്നം ക്ലാസിൽ അവതരിപ്പിക്കൽ.<br>* കുട്ടികൾക്ക് പ്രശ്നം അനുഭവപ്പെടൽ<br>* പ്രശ്ന പരിഹാരണത്തിനാവശ്യമായ വഴികൾ കണ്ടെത്തൽ.<br>* പ്രശ്ന നിർധാരണ ചോദ്യങ്ങൾ ഉണ്ടാക്കൽ.<br>* അനുയോജ്യമായ ക്രിയകൾ കണ്ടെത്തൽ.<br>* പ്രശ്നനിർധാരണം<br>* വിലയിരുത്തൽ. | ജൂൺ to March. | Class Tr. | | |

ക്രിയകൾക്കനുസൃതമായ ചോദ്യരൂപീകരണം.

* കുട്ടികൾ പറയുന്ന ക്രിയകൾക്കനുയോജ്യമായ ചോദ്യങ്ങൾ ടീച്ചർ കണ്ടെത്തുന്നു.
* ടീച്ചർ പറയുന്ന ക്രിയകൾക്കനുയോജ്യമായ ചോദ്യങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.
* ക്രിയകളും ചോദ്യങ്ങളും കുട്ടികൾതന്നെ തയ്യാറാക്കുന്നു.
* ഓരോ ഘട്ടത്തിലും ക്രിയകളുടെ എണ്ണം വർധിക്കുന്നു.

തുടർ പ്രവർത്തനങ്ങൾ ആസൂത്രണം:-

* ഗണിതോപകരണങ്ങളുടെ നിർമ്മാണം.
* ഗണിതകഥകൾ, ഗണിതപ്പാട്ടുകൾ, കുസൃതിക്കണക്ക്.
* പസിൽ നിർമ്മാണം.
* ജ്യാമെട്രിക്കൽ ചാർട്ട്
* സംഖ്യാപാറ്റേൺ, ചിത്രപാറ്റേൺ

ഗണിത ക്വിസ്

പ്രതിഭകൾക്ക് അധിക ഗണിതചോദ്യങ്ങൾ നൽകുകയും മാസത്തിൽ സ്കൂൾതല ക്വിസ് മത്സരം നടത്തുകയും ചെയ്യുന്നു.
വിജയികളെ കണ്ടെത്തുന്നു

| | | | | |
|---|---|---|---|---|
| **നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതപ്രശ്നങ്ങൾ:-**<br>സ്കൂൾ ഉച്ചഭക്ഷണം, ക്ലാസ് ഉപകരണങ്ങൾ, കുട്ടികളുടെ എണ്ണം, വിഭവസംഭരണങ്ങൾ, വരവും ചിലവും, വീട്ടിലെ വരുമാനം തുടങ്ങിയവ വിഷയങ്ങളുമായി ബന്ധപ്പെടുത്തി പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ. | | |
| **ഗണിത കേളികൾ:-**<br>കുട്ടികൾ സ്ഥിരമായി കളിക്കുന്ന കളികൾ ഗണിതവുമായി ബന്ധപ്പെടുത്തുന്നു. | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ. | | |
| **ഗണിത പ്രോജക്ടുകൾ**<br>ചുറ്റുപാടുമുള്ള വിഷയങ്ങളും നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അടിസ്ഥാനമാക്കി മാസത്തിൽ ഒരു ഗണിത പ്രോജക്ട് എല്ലാ ക്ലാസുകളിലും ചെയ്യുന്നു.<br>* ചുറ്റുപാടുമുള്ള ഗണിതപാറ്റേണുകൾ, ഗണിത രൂപങ്ങൾ എന്നിവ കണ്ടെത്തുന്നു.<br>* പണ്ടുകാലത്തെ അളവുകളും നാണയങ്ങളും ശേഖരിക്കൽ.<br>* വീട്ടിലെ വരവും ചിലവും.<br>* ജോലികളും സമയക്രമവും.<br>* 5 ഇതളുള്ള പൂക്കൾ.<br>* 4 കാലുള്ള ഫർണിച്ചറുകൾ. | സെപ്തംബർ to മാർച്ച്. | ഗണിത ക്ലബ്ബ്. | | |

## മേഖല : പരിസരപഠനം :-

ലക്ഷ്യങ്ങൾ :-

പരിസരപഠനം പരിസരത്തിലിറങ്ങി രസകരവും വിജ്ഞാനപ്രദവും കൗതുകമുണർത്തുന്നതുമായ രീതിയിൽ പഠിക്കാനുള്ള അവസരം എല്ലാ കുട്ടികൾക്കും ഉണ്ടാകും.

ശാസ്ത്രപരീക്ഷണങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തും.

പരിസരപഠനത്തിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്ന കുട്ടികൾക്ക് അധികപഠനത്തിനുള്ള അവസരമൊരുക്കുന്നു.

* കൃഷി ഒരു സംസ്കാരമായി വളർത്തിയെടുക്കും.
* പാരിസ്ഥിതിക ബോധത്തോടെ ജീവിക്കാനും പരിസ്ഥിതിയെ കാത്തു സൂക്ഷിക്കാനും മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കും.

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | പ്രതീക്ഷ… |
| --- | --- | --- | --- | --- | --- | --- |
| I | പരിസര പഠനം | നിരീക്ഷണ ഡയറി :-<br>* (2, 3, 4) ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും നിരീക്ഷണ ഡയറി. വീട്ടിൽ നിന്നും സ്കൂളിലേക്കുള്ള വഴിയോരകാഴ്ചകളും സ്കൂളിന്റെ വീടിന്റെ ചുറ്റുമുള്ള കാഴ്ചകളും നിരീക്ഷണ ഡയറിയിൽ കുറിക്കുന്നു.<br>(കുട്ടികളിലെ നിരീക്ഷണപാടവം വർദ്ധിപ്പിക്കുന്നതിനായി.)<br>* CPTA യിൽ അവതരിപ്പിക്കുന്നു. | ആഗസ്റ്റ് to മാർച്ച്. | ക്ലാസ്ടീച്ചർ | PTA. | |
| II | | ഫീൽഡ് ട്രിപ്പ് :-<br>ചുറ്റുവട്ടത്തെ ഫീൽഡ്ട്രിപ്പ് സാധ്യത സ്ഥലങ്ങൾ അന്വേഷിച്ച് തിയതി/ക്ലാസ്/ സമയം / സ്ഥലം / പഠനനേട്ടം എന്നിവ ആസൂത്രണം ചെയ്ത് അതാത് സമയങ്ങളിൽ കുട്ടികളുടെ പങ്കാളിത്തത്തോടെ നടത്തുന്നു. | | | | |

| | | | | | |
|---|---|---|---|---|---|
| ii) | | വിലയിരുത്തൽ:-<br>അസംബ്ലി, ബാലസഭ, CPTA എന്നിവയിൽ അനുഭവങ്ങൾ പങ്കുവെക്കാൻ അവസരം. | | | |
| iii) | | എന്റെ പരിസരപുസ്തകം:-<br>3,4 ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പരിസരപുസ്തകം.<br>* SRG യിൽ അവതരണം ഉള്ളടക്കത്തെക്കുറിച്ച് ചർച്ചയും ക്രോഡീകരണവും.<br>* CPTA യിൽ അവതരണം.<br>* പുസ്തകത്തിന്റെ പ്രാധാന്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.<br>* ഉള്ളടക്കം അവതരിപ്പിക്കുന്നു. ദിനാചരണങ്ങൾ, പരിസ്ഥിതി കവിതകൾ, കഥകൾ, ചിത്രങ്ങൾ, നിരീക്ഷണക്കുറിപ്പുകൾ, മറ്റു ശേഖരണങ്ങൾ. | ആഗസ്റ്റ് to മാർച്ച്. | ക്ലബ്ബ് കൺവീനർ & ക്ലാസ് ടീച്ചർ | PTA. |
| | | പ്രോജക്ടുകൾ:-<br>* പാഠഭാഗങ്ങളിൽ നിന്നും പ്രോജക്ടിന് സാധ്യതയുള്ള വിഷയങ്ങൾ കണ്ടെത്തൽ. | ക്ലാസ് വർഷം [illegible] | ക്ലാസ് ടീച്ചർ | PTA. |

| | | | | |
|---|---|---|---|---|
| * [illegible]<br>* CPTA യിൽ അവതരണവും രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തലും.<br><br>ശുചിത്വസേന:-<br>* എല്ലാ ക്ലാസുകളിലും ശുചിത്വസേന രൂപീകരിക്കൽ.<br>* അംഗങ്ങളെ തിരഞ്ഞെടുക്കൽ.<br>* ശുചിത്വ പരിശോധന.<br>* ശുചിത്വ കലണ്ടർ ഓരോ ക്ലാസിലും.<br>* ആഴ്ചയിലൊരിക്കൽ ക്ലാസ്തലത്തിൽ ടീച്ചറുടെ നേതൃത്വത്തിൽ അവലോകനം.<br>* മികവുകളും പരിമിതികളും കണ്ടെത്തൽ.<br>* പരിഹാര പ്രവർത്തനങ്ങൾ.<br>* വ്യക്തിശുചിത്വം പരിസരശുചിത്വം ഉറപ്പ്-വരുത്തൽ.<br>* ശുചിത്വ ബോർഡുകൾ നിർമ്മിക്കൽ /സ്ഥാപി-ക്കൽ.<br>* ശുചിത്വ സേനാ അംഗങ്ങൾ (ശുചിത്വ പോലീസ്) ക്ലാസ് തല പരിശോധന. | August to March. | ക്ലബ്ബ് കൺവീനർ & ക്ലാസ് ടീച്ചർ. | SRG. & PTA. | |

| | | | | | |
|---|---|---|---|---|---|
| 15 | ശാസ്ത്ര കോർണറുകൾ:-<br>* ഓരോ ക്ലാസിലും പരീക്ഷണങ്ങൾ ആവശ്യമായ സാമഗ്രികൾ സൂക്ഷിക്കാനും പരീക്ഷണങ്ങൾ ചെയ്യുന്നതിനായി ശാസ്ത്ര കോർണറുകൾ സജ്ജീകരിക്കുന്നു.<br>* അതാത് പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണസാമഗ്രികൾ, പുസ്തകങ്ങൾ, തുടങ്ങിയവ കോർണറിലേക്ക് മാറ്റുന്നു.<br>* പരീക്ഷണ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ.<br>* SRGയിൽ അവതരണം.<br>* രക്ഷിതാക്കളുടെ സഹായത്തോടെ പരീക്ഷണ സാമഗ്രികൾ ശേഖരിക്കുന്നു / നിർമ്മിക്കുന്നു. | വർഷം മുഴുവൻ. | ക്ലബ്ബ് കൺവീനർ & ക്ലാസ് ടീച്ചർ. | PTA. | |
| 16 | പരിസ്ഥിതി ക്ലബ്ബ്:-<br>* ക്ലബ്ബ് കൺവീനറുടെ നേതൃത്വത്തിൽ ഓരോ ക്ലാസിലെയും ക്ലബ്ബ് അംഗങ്ങളെ കണ്ടെത്തുന്നു.<br>* SRG യിൽ പ്രവർത്തന ആസൂത്രണം.<br>* ദിനാചരണങ്ങൾ ആസൂത്രണവും മുന്നൊരുക്കങ്ങളും.<br>* ശാസ്ത്ര പുസ്തകങ്ങൾ.<br>* പത്രവാർത്തകൾ ശേഖരണ[illegible] | വർഷം മുഴുവൻ. | ക്ലബ്ബ് കൺവീനർ & ക്ലാസ് ടീച്ചർ. | PTA. | |

| | | | | |
|---|---|---|---|---|
| വിദഗ്ധരുമായുള്ള അഭിമുഖം:- അധ്യാപകർ, സ്വാതന്ത്ര്യസമരസേനാനികൾ, പ്രദേശത്തെ മുതിർന്ന പൗരൻമാർ എന്നിവരുമായുള്ള അഭിമുഖം.<br>* SRG യിൽ വ്യക്തികളെ കണ്ടെത്തൽ.<br>* അഭിമുഖത്തിനാവശ്യമായ ചോദ്യാവലി നിർമ്മാണം. (ശാസ്ത്ര ക്ലബ്ബ്)<br>* സൗകര്യപ്രദമായ സമയവും സ്ഥലവും കണ്ടെത്തൽ. | | ക്ലബ്ബ് കൺവീനർ | SRG PTA. | |
| ദിനാചരണങ്ങൾ:- ദേശീയ ദിനാചരണങ്ങൾ, ചരിത്രസംഭവങ്ങൾ, മഹാന്മാർ എന്നിവരുടെ ദിനാചരണങ്ങൾ ആചരിക്കുന്നു.<br><br>സ്കൂൾ തല മേളകൾ:-<br>* ഫോട്ടോകൾ, ചിത്രങ്ങൾ, പതിപ്പുകൾ, മാഗസിനുകൾ, പഴയകാല ഉപകരണങ്ങൾ, ആഭരണങ്ങൾ ചാർട്ടുകൾ എന്നിവയുടെ പ്രദർശനം.<br>* ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്ത് കാണിക്കൽ.<br>* ക്വിസ് മത്സരങ്ങൾ. | വർഷം മുഴുവൻ | ക്ലബ്ബ് കൺവീനർ. | PTA. | |

| | | | | |
|---|---|---|---|---|
| 12 | ശാസ്ത്ര മാഗസിനുകൾ:- | | | |
| | * ക്ലാസിലും, പരിസ്ഥിതി ക്ലബ്ബിലും രൂപപ്പെട്ട (പ്രധാന രചനകളും, ശാസ്ത്രകവിതകൾ, നിരീക്ഷണ കുറിപ്പുകൾ, കഥകൾ എന്നിവ ശാസ്ത്ര മാഗസിനുകളിലേക്ക് മാറ്റുന്നു.<br>* ആവശ്യമായ ചിത്രങ്ങൾ വരച്ച് ചേർക്കുന്നു. | November to December. | ക്ലബ്ബ് കൺവീനർ. | SRG & PTA. |
| 13 | കൃഷി വിദഗ്ധരുമായി അഭിമുഖം:-<br>* കർഷക ദിനത്തിൽ കൃഷി വിദഗ്ധരുമായി അഭിമുഖം ഒരുക്കുന്നു. (കൃഷിരീതി, കാലം, വളം, വിത്ത്).<br>* ജൂൺ 5 പരിസ്ഥിതി ദിനത്തിൽ തുടങ്ങുന്ന തൈകൾ നട്ട് തുടങ്ങുന്ന പ്രവർത്തനങ്ങൾ കുട്ടികളെ കൃഷി ഉത്പാദനത്തിലേക്ക് വളർത്തുന്നു.<br>* കൃഷി നിരീക്ഷണം.<br>* കൃഷിയിടം ഒരുക്കൽ.<br>* വിത്ത് ശേഖരണം.<br>* കൃഷിയിറക്കൽ / പരിപാലനം. (ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ.) | വർഷം മുഴുവൻ. | ക്ലബ്ബ് കൺവീനർ | PTA. |

14-7-2[illegible]
BLOCK PROJECT CO-ORDINATOR
SSK
BRC KUNNUMMAL